|| नाटकसङ्केतानि ||

# TECHNICAL TERMINOLOGY OF INDIAN THEATRE

(A STUDY MATERIAL FOR
HIGHER SECONDARY STUDENTS)

## ആമുഖം

ഭരതമുനിയുടെ നാട്യശാസ്ത്രത്തിന് അനുസരിച്ചാണ് ഭാരതീയനാടകാഭിനയത്തിന്റെ ശാസ്ത്രീയമായ കെട്ടും മട്ടും ചിട്ടപ്പെടുത്തിയിട്ടുള്ളത്.ബാണഭട്ടൻ ഹർഷചരിതത്തിൽ ഭാസനെ പറ്റി പരാമർശിക്കുന്ന ഒരു പദ്യത്തിൽ ഭാരതീയനാടകാഭിനയത്തിന്റെ ഏകദേശസ്വരൂപം എന്തെന്ന് ചില സൂചനകളിലൂടെ വ്യക്തമാക്കുന്നുണ്ട്.

സൂത്രധാരകൃതാരംഭൈഃ നാടകൈർബഹുഭൂമികൈഃ

സപതാകൈർയശോ ലേഭേ ഭാസോ ദേവകുലൈരിവ

അർത്ഥം - സൂത്രധാരൻ ആരംഭിച്ചതും പല ഭൂമികകൾ (തലങ്ങൾ) ഉള്ളതും പതാക എന്നിവയോടു കൂടിയതുമായ നാടകങ്ങൾക്കൊണ്ട് ഭാസൻ ദേവാലയങ്ങളെപ്പോലെ കീർത്തിയെ നേടി.

പതാകാ തുടങ്ങിയ അഞ്ച് സന്ധികൾ , നാലുവിധത്തിലുള്ള നായകന്മാർ, ഖണ്ഡിത, സ്വാധീനപതിക, വാസസജ്ജിക തുടങ്ങിയ നായികമാർ, വിഷ്കംഭം, പ്രസതാവന, പ്രവേശകം മുതലായ നാടകസങ്കേതങ്ങൾ എല്ലാം ചേർന്ന ഒരു ബഹുവർണ്ണചിത്രശാലയാണ് സംസ്കൃതത്തിലെ ദൃശ്യകാവ്യമായ നാടകം. ഇവ എന്തെന്ന് ശരിയായി അറിഞ്ഞാൽ നാടകാസ്വദനത്തിന് അത് ഉത്പ്രേരകമായി നിൽക്കുമെന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ് ഈ പഠനക്കുറിപ്പ് തയ്യാറാക്കുന്നത്. നാടകസങ്കേതങ്ങളുടെ ലക്ഷണം അർത്ഥം സാമാന്യവിശദീകരണം പ്രസിദ്ധങ്ങളായ നാടകഭാഗങ്ങളിൽ നിന്ന് ഉദാഹരണം എന്ന രീതിയാണ് ഇവിടെ

സ്വീകരിച്ചിരിക്കുന്നത്. വ്യക്തമായി ലക്ഷണനിർദ്ദേശം ചെയ്തിരിക്കുന്നവയെ ലക്ഷണം എന്ന് എഴുതി തന്നെ സൂചിപ്പിച്ചിട്ടുണ്ട് . വ്യക്തമായ ലക്ഷണം ലഭ്യമാകാത്തവയുടെ ആശയം ആണ് നൽകിയിരിക്കുന്നത്. ഇവിടെ വിശദീകരണസൗകര്യത്തിനായി പശ്ചാത്തലസംബന്ധിയായ സങ്കേതങ്ങൾ, കഥാപാത്രസംബന്ധിയായ സങ്കേതങ്ങൾ ഘടനാപരമായ സങ്കേതങ്ങൾ സംഭാഷണപരമായ സങ്കേതങ്ങൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. കൂടുതലായി മനസിലാക്കുവാൻ നാടകങ്ങൾ വായിച്ചുള്ള പരിചയം തന്നെ നേടണമെന്ന് ഓർമ്മിപ്പിക്കുന്നു

## ।। नाटकलक्षणम् ।।

वीरशृङ्गारयोरेकः प्रधानं यत्र वर्ण्यते ।
प्रख्यातनायकोपेतं नाटकं तदुदाहृतम् ।।

വീരം ശൃംഗാരം ഇവയിൽ ഏതെങ്കിലും ഒരു രസം പ്രധാനമായതും പ്രസിദ്ധനായകകഥ വർണ്ണ്യവുമായ യാതൊരു ദൃശ്യകാവ്യമുണ്ടോ അതിനെ നാടകം എന്ന് വിളിക്കുന്നു

ഉദാ -

1 ശാകുന്തളം

പ്രധാന രസം - ശൃംഗാരം

നായകൻ ദുഷ്യന്തൻ ( ധീരോദാത്തൻ)

2 വേണീസംഹാരം

പ്രധാന രസം - വീരം

നായകൻ - ഭീമസേനൻ (ധീരോദ്ധതൻ)

(ഈ നാടകത്തിൽ യുധിഷ്ഠിരൻ നായകനാണ് എന്ന് അഭിപ്രായപ്പെടുന്നവരും ഉണ്ട് . അദ്ദേഹം ധീരശാന്തനായ നായകനാണ്.)

3 സ്വപ്നവാസവദത്തം

പ്രധാന രസം - ശൃംഗാരം

നായകൻ - വത്സരാജാവായ ഉദയനൻ (ധീരലളിതൻ )

**ധീരോദാത്തനതിപ്രധാനഗുണവാൻ വിഖ്യാതവംശൻ ധരാ -**
**പാലൻ നായക,നഞ്ചുസന്ധികളതിഖ്യാതം കഥാവസ്തുവും**
**നാലഞ്ചാളുകൾ അങ്കമഞ്ചധികമോ തന്ന്യൂനമോ വന്നിടാം**
**മുഖ്യം നിർവഹണത്തിലദ്ഭുതരസം നാഥോദയം നാടകം**

**<u>പശ്ചാത്തലസംബന്ധിയായ നാടകസങ്കേതങ്ങൾ</u>**

**1 नेपथ्यम् ।**

कुशीलवानां गृहं नेपथ्यमुच्यते।।

നടന്മാർക്ക് അണിഞ്ഞൊരുങ്ങുന്നതിനുള്ള സ്ഥലം (അണിയറ) ഇത് യഥാർത്ഥത്തിൽ നാടകസങ്കേതമല്ല. ഭാസനാടകങ്ങളിൽ സൂത്രധാരൻ രംഗത്തിൽ പ്രവേശിച്ച് ഇതിവൃത്തപ്രസ്താവന നടത്തുന്നതിനിടയിൽ നേപഥ്യത്തിൽ നിന്ന് ശബ്ദം കേൾക്കുന്നതായുള്ള അഭിനയമുഹൂർത്തം സാധാരണമാണ് .

*ഉദാ - കർണ്ണഭാരം*

**<u>സംഭാഷണപരമായ നാടകസങ്കേതങ്ങൾ</u>**

**2 जनान्तिकम् ।**

| |
|---|
| लक्षणम् - कार्यवशादश्रवणम् पार्श्वस्थैः यज्जनान्तिकं तत् स्यात् । |

അടുത്തു നിൽക്കുന്ന ആൾ കേൾക്കാത്ത വിധത്തിൽ മറ്റൊരാളോട് നടത്തുന്ന സ്വകാര്യ സംഭാഷണംആണ് ജനാന്തികം

ഉദാ -

**3 स्वगतम् ।**

| |
|---|
| लक्षणम् - अश्राव्यं स्वगतं मतम् ।। |

ഉദാ - മറ്റുള്ള കഥാപാത്രങ്ങൾക്കുന്നില്ലെന്ന മട്ടിലുള്ള നടന്റെ

ചിന്തകളാണ് ആത്മഗതം അഥവാ സ്വഗതം. ശാകുന്തളം ഒന്നാമങ്കത്തിൽ അനസൂയ രാജാവിനോട് "അങ്ങ് ഏതൊരു രാജർഷിവംശത്തെ അലങ്കരിക്കുന്നു? ഏതു നാട്ടിലെ ജനങ്ങളാണ് അങ്ങയെ കാണാതെ പര്യുത്സുകരായി കഴിയുന്നത്? ഈ ആശ്രമത്തിലെഴുന്നുള്ളുവാൻ ഹേതുവെന്ത്?" എന്ന് ചോദിക്കുന്നുണ്ട് . ആ സമയത്ത് ശകുന്തളയുടെ ആത്മഗതം വളരെ രസകരമാണ് - "മനസ്സേ ധൃതി കൂട്ടാതിരുക്കൂ. നീ എന്താണോ അറിയാനാഗ്രഹിച്ചത് അത് ഈ അനസൂയ ചോദിച്ചു കഴിഞ്ഞു."

**4 प्रकाशम् ।**

| |
|---|
| लक्षणम् - सर्वश्राव्यं प्रकाशं स्यात् ।। |

ഉദാ - ആത്മഗതത്തിന് ശേഷം എല്ലാവരും കേൾക്കുന്നമട്ടിൽ (കേൾക്കണമെന്ന ) ഭാവഭേദത്തോടെ പറയുന്നതാണ് പ്രകാശം മുൻപ് പറഞ്ഞ സന്ദർഭത്തിൽ തന്നെ രാജാവിന്റെ ആത്മഗതം ഇതായിരുന്നു. "ഞാൻ എങ്ങനെയാണ് എന്നെ ഇവരുടെ മുൻപിൽ വെളിപ്പെടുത്തുക?" "അഥവാ ഇങ്ങനെ പറയാം" തുടർന്ന് "ഭവതി പൗരവനായ രാജാവിനാൽ ധർമ്മം ഉദ്ദേശിച്ച് നിയോഗിക്ക പെട്ടവനാണ് ഞാൻ ഇപ്പോൾ താപസന്മാരുടെ നിർവിഘ്നതപസ്സിന്റെ ക്ഷേമം അന്വേഷിക്കാൻ എത്തിയതാണ് " എന്ന് അദ്ദേഹം മറുപടി നൽകുന്നു

**5 अपवारितम् ।**

| |
|---|
| लक्षणम् - रहस्यं कथ्यते न्यस्य परावृत्यापवारितम् ।। (दशरूपकम् )<br>निगूढभावसंयुक्तमपवारितकं स्मृतम्।। (नाट्यशास्त्रम्) |

## 6 आकाशभाषितम् ।

| |
|---|
| लक्षणम् - किं ब्रवीष्येवमित्यादि विना पात्रं ब्रवीति यत् ।<br>श्रुत्वेवानुक्तमप्येकस्तत्स्यादाकाशभाषितम् ।। |

ഉദാ - भाणेषु विटः एव नायकः । सः प्रायशः किं ब्रवीषि इति अदृष्टं कथापात्रं मनसि निधाय तस्योत्तरत्वेन कथयति । विक्रमोर्वशीयनाटके अस्य प्रयोगः द्रष्टुं शक्यते ।

## 7 अवलोकितम् ।

| |
|---|
| लक्षणम् - अधस्ताद्दर्शनं यत्तदवलोकितमुच्यते । |

ഉദാ - മറുപടി ഒന്നും നൽകാതെ തല കുനിച്ചിരിക്കുന്നതാണ് അവലോകിതം. ലജ്ജയെ വ്യഞ്ജിപ്പിക്കാൻ വേണ്ടിയാണ് അവലോകിതം നടത്തുക പതിവ്. മാളവികാഗ്നിമിത്രത്തിൽ രാജസഭയിലെത്തിയ മാളവികയുടെ ലജ്ജാഭിനയം അവലോകിതത്തിനുദാഹരണമാണ്.

### <u>ഘടനാപരമായ നാടകസങ്കേതങ്ങൾ</u>

## 8 पूर्वरङ्गम् ।

| |
|---|
| लक्षणम् - यन्नाट्यवस्तुनः पूर्वं रङ्गविघ्नोपशान्तये ।<br>कुशीलवाः प्रकुर्वन्ति पूर्वरङ्गः स उच्यते।। |

नाटकारमभात् पूर्वं कुशीलवैः क्रियमाणाः कर्मकलापाः
നാടകത്തിന് മുൻപ് രംഗവിഘ്നശാന്തിക്കായി നടന്മാർ ചെയ്യുന്ന കർമങ്ങളാണ് പൂർവ്വരംഗം എന്ന് പറയപ്പെടുന്നത്. ഇതിന് രംഗാഭിനയവുമായി സാക്ഷാത് സംബന്ധം ഒന്നുമില്ല എന്ന് പറയാം

## 9 नान्दी ।

आशीर्वचनसंयुक्ता स्तुतिर्यस्मात्प्रयुज्यते ।
देवद्विजनृपादीनां तस्मान्नान्दीति संज्ञिता ।।

नाटकारम्भणात्पूर्वं निर्विघ्नपरिसम्पित्यर्थं क्रियमाणा ईश्वरप्रार्थना वा द्विजनृपादीनां आशंसारूपा वा भवति नान्दी । यथा अभिज्ञानशाकुन्तले -
या सृष्टि स्रष्टुराद्या वहति विधिहुतं या हविर्या च होत्री
ये द्वे कालं विधत्तः श्रुतिविषयगमा या स्थिता व्याप्य विश्वम् ।
यामाहुः सर्वबीजप्रकृतिरिति यया प्राणिनः प्राणवन्तः
प्रत्यक्षाभिः प्पन्नस्तनुभिरवतु वस्ताभिरष्टाभिरीशः ।। इति सूत्रधारेण कृता प्रार्थना । प्रायः संस्कृतनाटकेषु सूत्रधारः रङ्गप्रवेशात् परं एव नान्दीं करोति । परन्तु भासनाटकेषु नान्द्यनन्तरमेव सूत्रधारः रङ्गं प्रविशतीत्यतः तेषु नान्दी अनुक्तसिद्धः एव । तेषु नान्द्यन्ते ततः सूत्रधारः प्रविशति इति एव दृश्यते।
ഉദാ - നാടകാരംഭസമയത്ത് സൂത്രധാരൻ വേദിയിലെത്തി ഈശ്വരനേയും ബ്രാഹ്മണരേയും രാജാവിനെയും സ്തുതിക്കുന്ന ഒരു ചടങ്ങാണിത്. വിഘ്നമില്ലാതെ നാടകാഭിനയം പൂർത്തിയാക്കപ്പെടുന്നതിനാണ് ഇത് ചെയ്യുന്നത് . ഭാസനാടകങ്ങളിൽ നാന്ദി സൂത്രധാരൻ വേദിയിൽ പ്രവേശിക്കുന്നതിന് മുൻപ് നിർവ്വഹിക്കുന്ന തരത്തിലാണ് സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളത്.

## 10 स्थापना । प्रस्तावना ।

लक्षणम् - सूत्रधारो नटीं ब्रूते मारिषं वा विदूषकम् ।
स्वकार्यप्रस्तुताक्षेपि चित्रोक्त्या यत्तदामुखम्।।

നാടകത്തിന്റെ ആരംഭത്തിൽ സൂത്രധാരൻ വിദൂഷകനോടോ മാരിഷൻ എന്ന കഥാപാത്രത്തോടോ നടിയോടോ

സ്വകാര്യസംഭാഷണം ചെയ്തുകൊണ്ട് ആരംഭിച്ച് ക്രമേണ നാടകത്തിന്റെ പ്രസ്തുതരംഗത്തിലേക്ക് എത്തിക്കുന്നതാണ് പ്രസ്താവന എന്ന് പറയുന്നത്. ഭാസനാടകങ്ങളിൽ ഇതിനെ സ്ഥാപന എന്നാണ് പറയുന്നത്. സാധാരണ നാടകങ്ങളിൽ നാന്ദി എന്ന മംഗളാചരണത്തിനു ശേഷമാണ് പ്രസ്താവന വരുന്നത് .

ഉദാ - ശാകുന്തളം നാടകത്തിൽ സൂത്രധാരൻ നടിയോട് വസന്തസമയത്തെ പറ്റി പാടുവാൻ നിർദ്ദേശിക്കുന്നു. നടിയുടെ പാട്ട് കേട്ടിട്ട് "നിന്റെ മനോഹരമായ ഗാനത്തിനാൽ മാനിനാലാകൃഷ്ടനായ ദുഷ്യന്തനെന്ന പോലെ ഞാൻ ഹൃതനായി" എന്ന് പറഞ്ഞ് പ്രസാതാവന നിർവഹിക്കുന്നു.

तवास्मि गीतरागेण हारिणा प्रसभं मनः ।

एष राजेव दुष्यन्तः सारङ्गेणातिरंहसा।।

ഹാരിയാം നിന്റെ ഗീതത്താൽ ഹൃതനായി ബലേന ഞാൻ

ദൂപ്ലൃാപ്യമാം മൃഗത്താലീദ്ദുഷ്യന്തൻ നൃപനെന്ന പോൽ.

ഈ പ്രസതാവനയെ തുടർന്ന് മൃഗയാവിനോദം നടത്തുന്ന ദുഷ്യന്തനെയാണ് പ്രേക്ഷകർ രംഗത്ത് കാണുന്നത്

നാനാവികാരപരിവാരിതരായ ആസ്വാദകമനസ്സിൽ നല്ല രീതിയിൽ നാടകാസ്വദനം ഉണ്ടാകില്ലല്ലോ. അത്തരം ആസ്വാദകമനസ്സുകളെ നാടകാസ്വദനത്തിന് ഉതകുന്ന മട്ടിൽ പാകപ്പെടുത്തിയെടുക്കുക എന്ന ധർമ്മവും പ്രസ്താവനയിലൂടെ സാധ്യമാക്കിയെടുക്കുന്നു.

## 11 विष्कम्भम् ।

वृत्तवर्त्तिष्यमाणानां कथांशानां निदर्शकः ।
संक्षेपार्थस्तु विष्कम्भो मध्यपात्रप्रयोजितः ।।

നാടകത്തിന്റെ ആരംഭത്തിലും രണ്ട് അങ്കങ്ങൾക്കിടയിലും

കഥയെ മുന്നോട്ട് നയിക്കാനുതകുന്ന സംഭാഷണഭാഗം. വിഷ്കംഭം രണ്ട് തരത്തിലുണ്ട് . പുരോഹിതന്മാർ കഥാപാത്രങ്ങളായ ശുദ്ധവിഷ്കംഭവും മധ്യമ നീച കഥാപാത്രങ്ങൾ വഴി അവതരിപ്പിക്കപ്പെടുന്ന സങ്കീർണ്ണവിഷ്കംഭവും ഉദാ -

1 ശുദ്ധവിഷ്കംഭം - ശാകുന്തളം രണ്ടാം സർഗത്തിൽ വിദൂഷകനായ മാഢവ്യന്റെ മൃഗയാവിരോധിയായ ചിന്തകൾ .

2 സങ്കീർണ്ണവിഷ്കംഭം - ശാകുന്തളം അഞ്ചാം സർഗം - ധീവരനും രാജഭടന്മാരുമായുള്ള സംഭാഷണഭാഗം.

## 12 भरतवाक्यम् ।

**नाटकान्ते भरतेन नटेन अभिधीयमानं राज्ञः राज्यस्य चअभिवृद्ध्याशंसकरूपं वाक्यम् ।**

उदाहरणम् यथा भासनाटकेषु इमां सागरपर्यन्तां हिमवद्विन्ध्यकुण्डलाम् ।

महीमेकातपत्रान्तं राजसिंहो प्रशास्तु नः इत्यादिकम् ।

ഉദാ - നാടകാന്ത്യത്തിൽ നടനോ നടന്മാർ എല്ലാവരും കൂടിയോ ചേർന്ന് നാടിനും രാജാവിനും ജനങ്ങൾക്കും നന്മ കൈവരണമെന്ന് പ്രാർത്ഥിച്ചുകൊണ്ട് നാടകം അവസാനിപ്പിക്കുന്ന ചടങ്ങ് യഥാർത്ഥത്തിൽ നാടകത്തിന്റെ ഉപസംഹാരമാണിതുകൊണ്ട് ഉദ്ദേശിക്കുന്നത്.

മുദ്രാരാക്ഷസനാടകത്തിൽ രൂപകത്തിന്റെ സൂത്രരൂപത്തിലുള്ള പ്രതിപാദനമായ ഭരതവാക്യം ഏറെ ശ്രദ്ധയർഹിക്കുന്നതാണ്.

राक्षसेन समं मैत्री राज्ये चारोपिता वयम् ।

नन्दाश्चोन्मूलिताः सर्वे किं कर्तव्यमतः परम् ।

അമാത്യരാക്ഷസനോടു മൈത്രി,യെൻ രാജ്യലബ്ധിയും

ഉന്മൂലനാശം നന്ദന്മാർക്കി,നിയെന്തിഹ ചെയ്യുവാൻ ?

ഭാസനാടകങ്ങളിൽ പോതുവായി കാണുന്ന

इमां सागरपर्यन्तां हिमवद्विन्ध्यकुण्डलाम् ।

महीमेकातपत्रान्तं राजसिंहो प्रशास्तु नः। എന്ന അവസാനപദ്യം

ഭരതവാക്യത്തിന് ഉദാഹരണമാണ്.

## 13 भूतवाक् ।

ഉദാ - ശാകുന്തളം ആറാമങ്കത്തിൽ മാതലിയുടെ പ്രവേശം രസകരമായ വിധത്തിലാണ് ചെയ്തിട്ടുള്ളത്. നായകനായ ദുഷ്യന്തന്റെ തോഴനായ മാഢവ്യനെന്ന വിദൂഷകനെ അപ്രത്യക്ഷനായി വന്ന് ആകാശത്തിലേക്ക് എടുത്തുകൊണ്ടു പോയി ഇങ്ങനെ പറയുന്നു.

കുടിക്കാനായ് കണ്ഠോത്ഥിതപൃതുനിണം കൊന്നിടുമതാ
പിടക്കും നിന്നെ ഞാൻ ഝടിതി കടുവാ വത്സകമിവ
മിടുക്കൻ ഭക്തന്മാർക്കുടനഭയദാനത്തിനു ധനു-
സ്സെടുക്കും ദുഷ്യന്തൻ വരണമധുനാ തേ ശരണമായ് .

ഇത്തരത്തിൽ മറഞ്ഞ് നിന്നുള്ള കഥാപാത്രസംഭാഷണമാണ് ഭൂതവാക്ക്.

<u>**കഥാപാത്രപരമായ നാടകസങ്കേതങ്ങൾ**</u>

## 14 सूत्रधारः ।

| | |
|---|---|
| लक्षणम् - 1 आसूत्रयन् गुणान्नेतुः कवेरपि च वस्तुतः<br>रङ्गप्रसाधनप्रौढः सूत्रधारः इहोच्यते ।। | |
| लक्षणम् - 2 नाट्योपकरणादीनि सूत्रमित्यभिधीयते ।<br>सूत्रं धारयतीत्यर्थे सूत्रधारो मतो बुधैः।। | |

നായകന്റെയും കവിയുടേയും ഇതിവൃത്തത്തിന്റെയും ഗുണങ്ങളെ വർണ്ണിക്കുകയും രംഗത്തെവതരിപ്പിക്കുകയും ചെയ്യുന്ന ആളാണ് സൂത്രധാരൻ. നാട്യത്തിന് വേണ്ടതായ ഉപകരണങ്ങൾക്ക് സൂത്രം എന്ന് പേർ. അവ ധരിക്കുന്നതുകൊണ്ട് സൂത്രധാരൻ എന്ന് പേർ വന്നു എന്നും ചിലർ ലക്ഷണം പറയുന്നു.

ഉദാ - ശാകുന്തളം ഒന്നാം സർഗത്തിലെ ആദ്യഭാഗത്തിലും ഭാസനാടകങ്ങളിലും മറ്റും സൂത്രധാരപ്രവേശത്തോടെ ആണ്

നാടകം ആരംഭിക്കുന്നത്.

**15 मारिषः** । ശ്രേഷ്ഠനായ പുരുഷകഥാപാത്രം. രാജാവിനാൽ പോലും ബഹുമാന്യനാണിയാൾ.

ഉദാ - ശാകുന്തളത്തിൽ ആറാമങ്കത്തിൽ ദുഷ്യന്തനും ഒരു മാരിഷനുമായുള്ള സംഭാഷണഭാഗമുണ്ട്.

**16 पारिपार्श्विकः** । सभायां राज्ञः सेवकः ।

**17 प्रतीहारी** । अन्तःपुरस्थो भटः।

**18 काञ्चुकीयः** । राज्ञः अन्तःपुरसेवकः वृद्धः ।

ഉദാ - ശാകുന്തളം അഞ്ചാമങ്കത്തിലെ കാഞ്ചുകീയപ്രവേശം

prepared by
Sankaranarayanan.A HSST (Sanskrit) Govt.HSS For Girls Ernakulam
Phone -9744780455 ,8304904802E Mail sankarjikodakara@gmail.com

അവലംബം -

1 അമരം പാരമേശ്വരി , വാചസ്പതി പരമേശ്വരമൂസത് NBS Kotayam

2 ഭാരതീയകാവ്യശാസ്ത്രനിഘണ്ടു , ഡോ .ടി. വി. ശൈലജ ,Chintha publishers Tvpm

3 ഭാരതീയകാവ്യശാസ്ത്രസാരം , വേദബന്ധു,NBS Kotayam

4 നാട്യശാസ്ത്രം , Chaukhamba, Varanasi

5 ദശരൂപകം Chaukhamba Krishnadas Academi, Varanasi